മാതൃഭൂമി

Mathrubhumi Seed – Student Empowerment for Environmental Development – In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED DIGITAL NATURE MAGAZINE

LEAF - 17 FEBRUARY 2023

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത


Cover photo: Shutterstock



# മുൻപേ പറക്കുന്ന പക്ഷി

വയനാടൻകാടുകൾക്ക് ഭീഷണിയായ സെന്ന എന്ന മഞ്ഞക്കൊന്ന ഇപ്പോൾ വാർത്തകളിൽ നിറഞ്ഞു നിൽക്കുകയാണല്ലോ. സെന്ന ഉണ്ടാക്കുന്ന ദൂരവ്യാപകപ്രശ്നങ്ങളെക്കുറിച്ച് ആകാശപ്പച്ചയുടെ 2022 മേയ് ലക്കത്തിൽ പ്രസിദ്ധീകരിച്ച പേജ്.

ലോകം എങ്ങനെ

## അമേരിക്ക മുത്തങ്ങ



**2022 May**

സെന്ന (സെന്ന സ്പെക്റ്റാബിലൈസ്) എന്ന വിദേശസസ്യം 1980 കളിൽ സാമൂഹ്യവനവത്കരണത്തിന്റെ ഭാഗമായി മുത്തങ്ങ വനമേഖലകളിൽ നട്ടുപിടിപ്പിച്ചു. വേര് മുതൽ ഇല വരെ മാരക വിഷമടങ്ങിയിരിക്കുന്ന ഈ സസ്യത്തിന്റെ ഒരു ഭാഗവും ഉപയോഗയോഗ്യമല്ല. മുത്തങ്ങ വനമേഖലയിലെ സ്വാഭാവിക വനത്തെ നശിപ്പിക്കുന്ന സെന്ന, സസ്യ ജന്തു ജൈവ വൈവിധ്യ ശോഷണത്തിനും കാരണമാകുന്നു. പുല്ല് വർഗ്ഗസസ്യങ്ങളെയും ഇല്ലാതാക്കി അതിവേഗം വളരുന്ന സെന്നയുടെ ജന്മദേശം അമേരിക്കയാണ്.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനഫലങ്ങൾ അനുസരിച്ച് ഈ സസ്യങ്ങൾ വളരുന്നിടത്ത് പുല്ല്, പ്രാണികൾ, സസ്യഭുക്കുകൾ ഇവ കാണപ്പെടുന്നില്ല. മണ്ണിന്റെ വളക്കൂറ് പൂർണമായും ഇല്ലാതാക്കാൻ കഴിവുള്ള രാസപദാർത്ഥങ്ങൾ ഇതിന്റെ ഇലകളിൽ അടങ്ങിയിട്ടുണ്ടെന്ന് വിദഗ്ധർ പറയുന്നു. വെട്ടി നശിപ്പിച്ചാലും പിഴുതുമാറ്റിയാലും അത്ഭുതപ്പെടുത്തുന്ന അതിജീവന സാധ്യതയാണ് സെന്നയ്ക്കുള്ളത്.

മുത്തങ്ങ കാടുകളിൽ 40% ൽ അധികം വളർന്നു കഴിഞ്ഞ സെന്ന, ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ജൈവ അധിനിവേശം കാലാവസ്ഥാവ്യതിയാനത്തിനും ആവാസവ്യവസ്ഥാനാശത്തിനും ജൈവവൈവിധ്യ ശോഷണത്തിനും കാരണമാകുന്നു.

ഷംന കെ., സീഡ് കോർഡിനേറ്റർ
ജി.യു.പി.എസ്. കമ്പളക്കാട്
വയനാട്

മാതൃഭൂമി ആകാശപ്പച്ച
2022 മേയ്




# തെറ്റ് ആവർത്തിക്കരുത്

**സാ**മൂഹികവനവത്കരണത്തിന്റെ ഭാഗമായാണ് സെന്ന എന്ന മരം നമ്മുടെ നാട്ടിലെത്തുന്നത്. അത് കാട്ടിലേക്കും കടന്നുകയറി. യൂക്കാലി, അക്കേഷ്യ, ഗ്രാൻഡിസ് തുടങ്ങി നിരവധി മരങ്ങൾ ഇതുപോലെ നമ്മുടെ കാടുകളിൽ നുഴഞ്ഞുകയറിയിട്ടുണ്ട്. അവയെക്കാളൊക്കെ അപകടകാരിയായതുകൊണ്ടാണ് മഞ്ഞക്കൊന്നയെക്കുറിച്ച് ആശങ്ക വർധിച്ചത്. മഞ്ഞക്കൊന്ന പൂർണമായും കാട്ടിൽനിന്ന് ഒഴിവാക്കുന്നതിന് വലിയൊരു തുക മാറ്റിവെച്ചിട്ടുണ്ട് എന്നാണ് വാർത്ത. എന്നാൽ കാടിനുള്ളിലേക്ക് പുറത്തുനിന്ന് മരം എത്തിച്ചതുപോലെതന്നെ അപകടകരമാണ് കാടിനുള്ളിൽ വളരുന്ന മരങ്ങൾ നീക്കംചെയ്യുന്നതും. എത്ര അപകടകാരിയായ മരമാണെങ്കിലും അത് നീക്കംചെയ്യുമ്പോൾ മറ്റ് മരങ്ങൾക്കും ചെടികൾക്കും മൃഗങ്ങൾക്കുമൊക്കെ അത് പ്രശ്നങ്ങൾ സൃഷ്ടിക്കും. നിലവിലുള്ള വനനിയമങ്ങളുടെ കർശനമായ പാലനം ഉറപ്പുവരുത്തിക്കൊണ്ടും പരിസ്ഥിതിശാസ്ത്രജ്ഞരുടെ അഭിപ്രായം മാനിച്ചും ഏറ്റവും മികച്ച രക്ഷാമാർഗമാണ് സ്വീകരിക്കേണ്ടത്. ഹൃദയശസ്ത്രക്രിയ നടത്തുന്നതുപോലെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണിതെന്ന് മറക്കരുത്. മരംമുറിക്കലായി ഇതിനെ ചുരുക്കിക്കളയരുത്.

# എങ്ങനെയാണ് മണ്ണുണ്ടാകുന്നത്?

കാടകങ്ങളിലാണ് ഏറ്റവും നല്ല മണ്ണുള്ളത്. അനേകം കോടി വർഷംമുൻപ് ഭൂമി ഉരുകിത്തിളച്ചുകൊണ്ടിരുന്ന ഗോളമായിരുന്നു! കാലക്രമേണ അത് തണുക്കാൻതുടങ്ങിയപ്പോൾ പാറകളുണ്ടായി. പാറകൾക്ക് ഭൗതികവും രാസപരവുമായ നിരവധി മാറ്റങ്ങളുണ്ടായി. പ്രകൃതിശക്തികളായ ചൂടും തണുപ്പും കാറ്റും മഞ്ഞും മഴയും ഇടിമിന്നലും ഭൂകമ്പങ്ങളും പാറകളിൽ ക്ഷതമേൽപ്പിച്ചുകൊണ്ടിരുന്നു. പാറകൾ സാവധാനം തകർന്ന് പൊടിപൊടിയായി മണ്ണുണ്ടായി. നല്ല മണ്ണ് രൂപപ്പെടാൻ ഇതുമാത്രം പോരാ. മണ്ണിൽ വേണ്ടത്ര ജൈവാംശം ചേരണം. വായു കയറണം. അപ്പോൾ മാത്രമേ മണ്ണിന് പാകം വരൂ. അപ്പോഴാണ് മണ്ണ് ജീവജാലങ്ങളുടെ ഈറ്റില്ലവും പോറ്റില്ലവുമായിമാറുന്നത്. ഈ മാറ്റങ്ങൾ പൂർത്തിയാവാൻ ആയിരക്കണക്കിന് വർഷം വേണം.






ദേവനന്ദ് പി. നമ്പ്യാർ
എ.കെ.ജി. മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ
പെരളശ്ശേരി, കണ്ണൂർ

കേരളം അറിയാൻ



# മനുഷ്യരുണ്ടാക്കുന്ന പരിസ്ഥിതിപ്രശ്നങ്ങൾ

**കേ**രവൃക്ഷങ്ങൾ നിറഞ്ഞ ദൈവത്തിന്റെ സ്വന്തം നാടായ കേരളം പ്രകൃതിവിഭവങ്ങളാൽ സമ്പന്നമായിരുന്നു. എന്നാൽ ഇന്നോ ഗതകാലപ്രൗഢി നശിച്ച് മാലിന്യക്കൂമ്പാരങ്ങൾ നിറഞ്ഞ് അഗാധമായ പരിസ്ഥിതിപ്രശ്നങ്ങൾക്ക് വിധേയമായിരിക്കുന്നു. അശാസ്ത്രീയമായ നിർമാണപ്രവർത്തനങ്ങൾ, ഖനനം, തണ്ണീർത്തടം നികത്തൽ എന്നിവ പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വരൾച്ച തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ജലാശയങ്ങളിൽ പ്ലാസ്റ്റിക്മാലിന്യങ്ങളുടെ അംശം കൂടുന്നു. സമുദ്രത്തിന്റെ താപവും വർധിച്ചുവരുന്നു. കേരളതീരം ഇപ്പോൾ ചുഴലിക്കാറ്റുകളുടെ പിടിയിലായിക്കഴിഞ്ഞു. ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ കാണാനില്ലാത്ത അവസ്ഥയാണുള്ളത്. കാർഷികമേഖല തകർന്നടിഞ്ഞു. ഈ സ്ഥിതിക്ക് എന്താണ് ഒരു പരിഹാരമെന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതിന്റെ കാരണങ്ങൾ ചികയുമ്പോൾ നമ്മൾ വിരൽചൂണ്ടുന്നത് നമ്മിലേക്കുതന്നെയാണ്. മനുഷ്യന്റെ കൂട്ടായ പ്രയത്നത്തിലൂടെ മാത്രമേ നമ്മുടെ നാടിന്റെ ഹരിതാഭ തിരിച്ചുപിടിക്കാനാവൂ...

ദർശ് വൈഷ്ണവ് ഇൻഡോസ്, ക്ലാസ്-9
സിദ്ധാർഥ സെൻട്രൽ സ്കൂൾ,
പള്ളിമൺ, കൊല്ലം

# കുറിക്കണ്ണൻ കാട്ടുപുള്ള്

ഓറഞ്ച് ഹെഡഡ് ത്രഷ് (Orange-headed Thrush) എന്ന് അറിയപ്പെടുന്ന പക്ഷിയാണ് കുറിക്കണ്ണൻ കാട്ടുപുള്ള് അഥവാ ചെന്തലയൻ കാട്ടുപുള്ള്. തെക്കുകിഴക്കൻ ഏഷ്യയിലെ ഇടതൂർന്ന വനങ്ങളിൽ കാണപ്പെടുന്നു. പ്രാണികൾ, മണ്ണിര, പഴങ്ങൾ എന്നിവയാണ് ഭക്ഷണം. ചാരനിറത്തിലുള്ള മുകൾഭാഗവും തലയും അടിവശവും ഇവയെ തിരിച്ചറിയാൻ സഹായിക്കും. കൂട്ടംചേരുന്ന സ്വഭാവമില്ല. മരങ്ങളിലാണ് കൂടുണ്ടാക്കുന്നത്.




ധ്യാൻ ഷൈജു
സെന്റ് ഫിലോമിനാസ് എ.എൽ.പി. സ്കൂൾ
മേരിക്കുന്ന്

ഈ ഫോട്ടോ കാണാം

# PALAKKAD FORT




ഗായത്രി എസ്.എസ്.
മോയൻ ഗേൾസ് ഹൈസ്കൂൾ
പാലക്കാട്

മാതൃഭൂമി ആകാശപ്പച്ച
2023 ഫെബ്രുവരി

കൃഷിക്കാര്യം

# ഇലച്ചേമ്പ് മത്സ്യങ്ങളുടെ പോഷകാഹാരം



സാധാരണ ചേമ്പിന്റെ ഇലകളെപ്പോലെ ചൊറിച്ചിലുണ്ടാക്കാത്ത ഇലയും തണ്ടും. ചീരപോലെ കറികൾക്ക് ഉപയോഗിക്കുന്ന രുചികരവും പോഷക, ഔഷധ സമ്പന്നവുമാണ് ഇലച്ചേമ്പ്. ഇലച്ചേമ്പ് മത്സ്യത്തീറ്റയായി ഉപയോഗിക്കാം എന്ന തിരിച്ചറിവ് മത്സ്യക്കർഷകർക്ക് ഏറെ ആശ്വാസകരമാണ്. ഇലച്ചേമ്പ് തീറ്റയായി ഉപയോഗിക്കുന്ന മത്സ്യങ്ങളുടെ വളർച്ച വേഗത്തിലാവുന്നതായി പറയപ്പെടുന്നു. ഭാവിയിൽ ഇലച്ചേമ്പ് മത്സ്യത്തീറ്റയായി കൂടുതൽ ഉപയോഗിക്കപ്പെടുമെന്ന് കരുതാം.





ജെമീമ സൂസൻ ജോർജ്, ക്ലാസ്-6
മൗണ്ട് കാർമൽ എച്ച്.എസ്.
കഞ്ഞിക്കുഴി, കോട്ടയം



# പ്രകൃതി കണ്ണാടി നോക്കുമ്പോൾ

**വണ്ണാത്തിപ്പുഴയുടെ തീരത്ത്...**
**തിങ്കൾ കണ്ണാടി നോക്കും നേരത്ത്...**

കളിയാട്ടം എന്ന സിനിമയിലെ ഈ ഗാനം മലയാളത്തിന്റെ പ്രിയകവി കൈതപ്രം ദാമോദരൻ നമ്പൂതിരി എഴുതിയതാണ്. മനോഹരമായ വരികളിൽ വണ്ണാത്തിപ്പുഴയുടെ സൗന്ദര്യം നിറഞ്ഞൊഴുകുന്നുണ്ട്. തിങ്കൾ കണ്ണാടി നോക്കും നേരത്ത് എന്നത് കാവ്യസങ്കല്പത്തിന്റെ ഉജ്ജ്വലമായ വെളിപ്പെടുത്തലാണ്. വെള്ളത്തിൽ നോക്കുമ്പോൾ പ്രതിബിംബം കാണാൻകഴിയുംവിധം നിർമലമായ ജലത്തെയാണ് കവി വിവക്ഷിക്കുന്നത്. മനോഹരമായ ആ കല്പനയിൽ പ്രകൃതിയുടെ ശുദ്ധിയും തനിമയും കണ്ണാടിയിലെന്നപോലെ തെളിയുന്നുണ്ട്.

കെ. ജയചന്ദ്രൻ, അധ്യാപകൻ
ജി.എച്ച്.എസ്.എസ്.രാവണീശ്വരം
കാസർകോട്




# അതിശയക്കൂട്

ഭൂമിയിലെ കൗതുകങ്ങളിൽ എന്നെ അദ്ഭുതപ്പെടുത്തിയത് തേനീച്ചകളുടെ ജീവിതക്രമമാണ്. രാജകീയനിയമങ്ങൾ നിലനിർത്തിയ കൊട്ടാരസദൃശജീവിതചക്രം. പ്രത്യേകിച്ച് ശാസ്ത്രലോകത്തെ അദ്ഭുതപ്പെടുത്തുന്നത് അവ നിർമിക്കുന്ന കൂടിന്റെ പ്രത്യേകതയാണ്. ഓരോ കള്ളിയും എത്ര കൃത്യതയോടെ ഒരണുവിട തെറ്റാതെ നിർമിക്കുന്നു. മാത്രമല്ല തേൻ ശേഖരിക്കാൻ മൈലുകളോളം സഞ്ചരിക്കുന്ന തേനീച്ചകൾ വളരെ കൃത്യമായിത്തന്നെ കൂട്ടിലെത്തുന്നതും തേൻ സംഭരിക്കുന്നതും ആതിശയകരമായ കഠിനാധ്വാനമാണ്. അവയുടെ എത്രകാലത്തെ അധ്വാനഫലമാണ് ഒരുനിമിഷംകൊണ്ട് മനുഷ്യനും മറ്റ് ജന്തുജാലങ്ങളും കവർന്നെടുക്കുന്നത്? ഇങ്ങനെ പ്രകൃതിയിലെ അദ്ഭുതങ്ങൾ നിരീക്ഷിച്ചാൽ ജീവിതപാഠങ്ങളും മനസ്സിലാക്കാം.

അൻസാരി റഹ്മത്തുള്ള, അധ്യാപിക
ജി.എച്ച്.എസ്.എസ്. പറവൂർ
ആലപ്പുഴ

തെറ്റ് ശരി

# കരിമ്പ് പൂത്താൽ ഉടമ മരിക്കുമോ?



പുല്ലുവിഭാഗത്തിൽപ്പെട്ട ഒരു സസ്യമാണ് കരിമ്പ്. അത് ഒരൊറ്റത്തവണ മാത്രമേ പുഷ്പിക്കുകയുള്ളൂ. കരിമ്പിന് പൂക്കാനായി ധാരാളം ഊർജം ചെലവഴിക്കേണ്ടിവരുന്നുണ്ട്. വളർച്ചയെത്തിയ ചെടി ശരീരത്തിൽ ശേഖരിച്ചുവെച്ചിരിക്കുന്ന ഭക്ഷണമാണ് ഇതിനായി ചെലവിടുന്നത് കരിമ്പിനെ സംബന്ധിച്ചാണെങ്കിൽ ചെടിയുടെ കാണ്ഡത്തിൽ അതായത് നമ്മൾ കരിമ്പ് എന്ന് പറയുന്ന തണ്ടിനുള്ളിൽ പഞ്ചസാരയാണ് ഭക്ഷണമായി ശേഖരിച്ചുവെച്ചിരിക്കുന്നത്. പൂക്കുമ്പോൾ ഈ പഞ്ചസാര കുറേയധികം ചെലവായിപ്പോകും അങ്ങനെ പഞ്ചസാര കുറഞ്ഞ കരിമ്പായിരിക്കും പൂത്തുകഴിഞ്ഞാൽ കർഷകർക്ക് കിട്ടുക. കരിമ്പ് പൂത്താൽ കർഷകർക്ക് നഷ്ടമാണുണ്ടാവുക എന്നത് സത്യമാണ്. എന്നാൽ മരണവുമായി ബന്ധപ്പെട്ട ചൊല്ല് വെറും അന്ധവിശ്വാസമാണ്.

അമൃത കെ.എസ്.
ജി.എച്ച്.എസ്. വാളവയൽ, വയനാട്



# അപ്രത്യക്ഷമാകുമോ ആ ഉപ്പു തടാകം

ഗ്രേറ്റ് സാൾട്ട് ലേക്ക് അമേരിക്കയിലെ പ്രശസ്തമായ തടാകങ്ങളിലൊന്നാണ്. യൂട്ടാ മേഖലയിലാണ് ഈ ഉപ്പുതടാകം. ഏകദേശം 23 മില്യൻ കൃഷിയിടങ്ങളിലേക്ക് ഗ്രേറ്റ് സാൾട്ടിലെ വെള്ളമെത്തുന്നു. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഈ ഉപ്പുതടാകം വറ്റിവരളുമെന്നാണ് ഗവേഷകർ പ്രവചിക്കുന്നത്. 16 മീറ്റർ മാത്രം ശരാശരി താഴ്ചയുള്ള ഈ തടാകത്തിലേക്ക് വർഷത്തിൽ 1.2 ദശലക്ഷം ലിറ്റർ വെള്ളം ഒഴുകിയെത്തിയാലേ ഈ അപ്രത്യക്ഷമാകൽ തടയാനാകൂ. നിലവിൽ ഒരുലക്ഷം ലിറ്റർ വെള്ളം മാത്രമാണ് തടാകത്തിലേക്ക് എത്തുന്നത്. അതുകൊണ്ടാണ് ഈ തടാകത്തിന്റെ അന്ത്യം ആസന്നമായെന്ന് ഗവേഷകർ പറയുന്നത്. തടാകത്തിന്റെ ഈ അവസ്ഥ അവിടത്തെ ജനങ്ങൾ വേണ്ടത്ര ഗൗരവത്തിലെടുത്തിട്ടില്ലെന്നും ഗവേഷകർ പറയുന്നു. ഈ അവസ്ഥ നമ്മുടെ നാട്ടിലും ഉണ്ടാവരുത്. നമ്മുടെ തടാകങ്ങളും 'അപ്രത്യക്ഷമാകരുത്'. അതിനായി നമുക്ക് ഒന്നിച്ച് പോരാടാം.



ഗോപിക എൻ.എസ്.
ആർ.എം.എച്ച്.എസ്., ആളൂർ
തൃശ്ശൂർ

പൂവറിവ്



LAVENDER

# ലാവെൻഡർ

**സു**ഗന്ധത്തിന് വളരെ പ്രശസ്തമാണ് ലാവെൻഡർ പുഷ്പം. നാട്ടുവൈദ്യത്തിൽ പ്രധാന ഔഷധങ്ങളിലൊന്നായി ഉപയോഗിക്കുന്ന ലാവെൻഡർ വളരെ മനോഹരവുമാണ്. റോമാക്കാർ കുളിക്കാനുള്ള വെള്ളത്തിൽ ലാവെൻഡർ പൂക്കൾ വിതറിയിരുന്നത്രേ. അതുകൊണ്ടായിരിക്കാം കഴുകുക എന്നർഥം വരുന്ന ലാവെറിൻ എന്ന വാക്കിൽനിന്ന് ലാവെൻഡർ എന്ന പേരുണ്ടായത്. ജന്മസ്ഥലം മെഡിറ്ററേനിയനായിരുന്നെങ്കിലും റോമാക്കാർ വഴി ലാവെൻഡർ യൂറോപ്പിലെത്തി. ശാസ്ത്രീയനാമം: ലാവെൻഡുല.

അതുല്യ ബിജു, ക്ലാസ്-7
സെന്റ് മേരീസ് ജ്ഞാനോദയ ഇംഗ്ലീഷ് സ്കൂൾ
മൈക്കാവ്, താമരശ്ശേരി, കോഴിക്കോട്

വർണച്ചിറക്

കവിത

# എത്ര മനോഹരം

എത്ര മനോഹരം ഈ പ്രകൃതി
വർണിക്കാനാവാത്ത ഈ പ്രകൃതി.

പച്ചവിരിച്ചപോൽ നെൽപ്പാടമുണ്ട്
കായലും ആറും ചെറു തോടുകളും
അരുവി, കുളങ്ങളും കാവുകളും
കായ്ച്ചുനിൽക്കുന്നൊരാ തോപ്പുകളും

കാടുണ്ട് കാട്ടിൽ മൃഗങ്ങളുണ്ട്
കടലുണ്ട് കടലിൽ മീനുകളും
നിറയെക്കുലച്ചൊരാ കേരവൃക്ഷം
കുടചൂടി നിൽപ്പുണ്ട് തീരത്തെങ്ങും

എത്ര മനോഹരം ഈ പ്രകൃതി.
വർണിക്കാനാവാത്ത ഈ പ്രകൃതി.

അബ്ദുൽഖാദർ ഫാസ് സി.എ.
ചെമ്മനാട് ജമാ അത്ത് ഇംഗ്ലീഷ്
മീഡിയം സ്കൂൾ
കാസർകോട്

വർണച്ചിറക് | കഥ

# മുയലമ്മയുടെ സന്തോഷം

അമ്മിണിക്കാട്ടിൽ നിറയെ മൃഗങ്ങളുണ്ട്. അവിടെ ഒരിക്കൽ ഭയങ്കരന്മാരായ വേട്ടക്കാർ വന്ന് മൃഗങ്ങളെ വേട്ടയാടാൻതുടങ്ങി. ഈ കാര്യം ഒരു തടിയൻ ആനയറിഞ്ഞു. തടിയനാന കാണുന്ന എല്ലാവരോടും ഈ കാര്യം പറയാൻ തുടങ്ങി. തടിയനെ ആർക്കും വിശ്വാസമുണ്ടായിരുന്നില്ല. ആരും അത് ശ്രദ്ധിച്ചതുമില്ല. പെട്ടെന്ന് ഒരു വെടിയൊച്ച കേട്ടു. എല്ലാവരും പേടിച്ചുപോയി. ആ വഴിയേ വന്ന മുയലിനാണ് വെടിയേറ്റത്. അതൊരു കുട്ടിമുയലായിരുന്നു. അതിന്റെ അമ്മയ്ക്ക് വല്യ സങ്കടം വന്നു. അപ്പോൾ അമ്മമുയൽ മറ്റുള്ളവരോട് പറഞ്ഞു. തടിയനാന പറഞ്ഞത് ശരിയാണ്, അവരെ വെറുതേ വിട്ടുകൂടാ. അങ്ങനെ മൃഗങ്ങൾ സംഘം ചേർന്ന് വേട്ടക്കാരെ തുരത്താൻ തീരുമാനിച്ചു. ഒരുകൂട്ടം കടന്നലുകൾ അവരെ ആക്രമിച്ച് ഓടിച്ചു. അതോടെ അവരുടെ ശല്യം ഒഴിവായിക്കിട്ടി. കുഞ്ഞുമുയലിന്റെ ജീവൻ നഷ്ടപ്പെടാതിരുന്നതിൽ അമ്മമുയലിനും സന്തോഷമായി.



കാതറിൻ ജിൽസ്, ക്ലാസ്-4
സെന്റ് തോമസ് യു.പി. സ്കൂൾ
പൈങ്കുളം



**ഭൂമിക്കടിയിൽനിന്ന് വലിയ അളവിൽ
വെള്ളം ഊറ്റിയെടുക്കുമ്പോൾ
അവിടെയുണ്ടാവുന്ന ഒഴിവ്
എങ്ങനെയാണ് നികത്തപ്പെടുകയെന്ന്
ആലോചിച്ചിട്ടുണ്ടോ?
മണ്ണിടിച്ചിലും ഭൂകമ്പവും
ഉണ്ടാകുമ്പോഴെങ്കിലും
അതോർക്കണം**

ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

മാതൃഭൂമി
ആകാശപ്പച്ച

Published by Mathrubhumi Seed